# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
### അമ്പലവയൽ, വയനാട്

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in

ഇ.2935/2024 തീയതി. 07.08.2024

## ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ പൂപ്പൊലി ഗാർഡനിലേക്ക് ആവശ്യമായ വിവിധതരം F1 ഹൈബ്രിഡ് പൂച്ചെടി വിത്തുകൾ വിതരണം ചെയ്തു നൽകുവാൻ താല്പര്യമുള്ള വ്യക്തികളിൽ/അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 2935/2024 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 23.08.2024 ,11.00 am |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും സമയവും | 23.08.2024, 11.30 am |
| നിരത ദ്രവ്യം (EMD) | Rs. 10000/- |
| ടെൻഡർ വില | Rs. 1888/- (1600+ 18% GST Rs.288) |
| ടെൻഡർ കാലാവധി | ഒരു വർഷം ( ടെൻഡർ അംഗീകരിച്ച തീയതി മുതൽ) |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |
| **പുറത്തെഴുത്ത് : പൂച്ചെടി വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ** | |

ടെണ്ടർ അംഗീകരിച്ചവർ സപ്ലൈ ഓർഡർ കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

വിതരണം ചെയ്യേണ്ട പൂച്ചെടി വിത്തുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No. | പൂച്ചെടി വിത്തുകളുടെ പേര് | ആവശ്യമായ വിത്തുകളുടെ എണ്ണം | രേഖപ്പെടുത്തേണ്ട നിരക്ക് ( 1000 എണ്ണം വിത്തുകളുടെ വില) |
|---|---|---|---|
| 1 | Celosia mixed | 50,000 | |
| 2 | Marigold dwarf hybrids (Orange and Yellow) | 50,000 | |
| 3 | Aster | 40,000 | |
| 4 | Petunia | 40,000 | |
| 5 | Vinca | 30,000 | |
| 6 | Salvia (red) | 30,000 | |
| 7 | Dianthus | 30,000 | |
| 8 | Gazania | 30,000 | |
| 9 | French marigold | 30,000 | |

| | | | |
|---|---|---|---|
| 10 | Gomphrena | 30,000 | |
| 11 | Phlox | 25,000 | |
| 12 | Zinnia | 25,000 | |
| 13 | Calendula | 20,000 | |
| 14 | Holyhock | 20,000 | |
| 15 | Torenia | 15,000 | |
| 16 | Snap dragon | 15,000 | |
| 17 | Pansy | 10,000 | |
| 18 | Ageratum | 10,000 | |
| 19 | Alysum | 10,000 | |
| 20 | Cosmos | 10,000 | |
| 21 | Verbena | 10,000 | |
| 22 | Salvia farinose (blue) | 10,000 | |
| 23 | Larkspur | 10,000 | |
| 24 | Sweet william | 10,000 | |
| 25 | Geranium | 5,000 | |
| | | | |

<u>നിബന്ധനകൾ</u>

1. കെ. എ.യു. വെബ്സൈറ്റിൽ (www.kau.in/tenders) നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് ' പൂച്ചെടി വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. മുകളിൽ പറഞ്ഞിട്ടുള്ള പൂച്ചെടി വിത്തുകളിൽ ഓരോ ഇനത്തിന്റെയും 1000 എണ്ണം വിത്തിന്റെ വിലയാണ് ടെൻഡറിൽ കാണിക്കേണ്ടത് (ഇതിൽ ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തിവഹിക്കേണ്ടതാണ്) ടെൻഡർ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
3. ടെൻഡറിനോടൊപ്പം, ടെൻഡർ ഫീസ്, ജി. എസ്. ടി –നിരത്രവ്യം എന്നിവയ്ക്ക് **'അസോസിയേറ്റ് ഡയറക്ടർ , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്ന് വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകൾ അടച്ച് ടെൻഡറിൽ പങ്കുകൊള്ളേണ്ടതാണ്. നിർദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും, അപൂർണവുമായ ടെൻഡറുകളും, സ്വീകരിക്കുന്നതല്ല.
4. ടെൻഡറിനോടൊപ്പം 200/- (ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ് സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.
5. ടെൻഡറിനോടൊപ്പം നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ടെൻഡറുകൾ അന്നേദിവസം 11.30 മണിക്ക് തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
6. നിരതദ്രവ്യവും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ ( ഇരുനൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി സ്ഥാപനമേധാവിയുമായി ഒരു അന്തിമ കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

8. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ ഡിമാന്റ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.
9. വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ഗുണമേന്മയുള്ള പൂച്ചെടി വിത്തുകൾ മാത്രം എത്തിച്ചു തരേണ്ടതാണ്. ചരക്ക് കൂലിയും, കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
10. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി കൂടുതൽ പൂച്ചെടി വിത്തുകൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
11. ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
12. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
13. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ടെൻഡർ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
14. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.
15. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

7/8/24

ഡോ. സി.കെ. യാമിനി വർമ്മ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്:
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ ശ്രീ.നജീബ നടുത്തൊടി, അസി. പ്രൊഫസർ
അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ